# 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

(നിയമസഭ പാസാക്കിയ പ്രകാരമുള്ളത്)

## 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 20-ാം വകുപ്പിന്റെ ഭേദഗതി.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിലെ (2001-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 20-ാം വകുപ്പിലെ "ഇരുപത്തി അയ്യായിരം" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകളും "ആയിരം" എന്ന വാക്കിന് പകരം "അമ്പതിനായിരം" എന്ന വാക്കും യഥാക്രമം ചേർക്കേണ്ടതാണ്.

3. 23 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23 എ വകുപ്പിലെ (6)-ാം ഉപവകുപ്പിൽ "കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കണ്ടുകെട്ടിയ മണലിന്റെ വില , സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നതനുസരിച്ച്, ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വില്പന നടത്തേണ്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

---

KNPP.1651/2022.